# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2366** — **13.02.2013**- ലെ മറുപടിക്ക്

## സഹകരണമേഖലയിലെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ പ്രസ്ഥാനങ്ങളുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കേരളത്തിൽ സഹകരണ പ്രസ്ഥാനങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കൺസ്യൂമർ ഫെഡ് മുഖേനയും സർവ്വീസ് സഹകരണ ബാങ്കുകളിലെ നീതി സ്റ്റോറുകൾ മുഖേനയും നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുന്നു.<br>2. നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന ജീവൻ രക്ഷാമരുന്നുകൾ കുറഞ്ഞ വിലയ്ക്ക് വിൽപന നടത്തുന്നു.<br>3. സർവ്വീസ് സഹകരണ ബാങ്കുകൾ വിവിധ തരത്തിലുള്ള വായ്പകൾ നൽകുന്നു.<br>4. നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്ന എല്ലാ ഹ്രസ്വകാല കാർഷിക വായ്പകളും പലിശ രഹിതമായി നൽകാൻ നടപടി സ്വീകരിച്ചു വരുന്നു.<br>5. ആരോഗ്യ മേഖലയിൽ ജനങ്ങൾക്ക് ആശ്വാസമായി സഹകരണ ആശുപത്രികൾ പ്രവർത്തിച്ചു വരുന്നു.<br>6. നാളികേരം, നെല്ല്, തേയില, റബ്ബർ വനവിഭവങ്ങൾ എന്നിവ സംസ്കരിച്ച് വിപണനം ചെയ്യുന്നതിനായി മാർക്കറ്റിംഗ് പ്രൊസസിംഗ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു.<br>7. ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. |

8. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ 'കേപ്' എന്ന സ്ഥാപനവും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ രണ്ട് സഹകരണ മെഡിക്കൽ കോളേജുകളും പ്രവർത്തിക്കുന്നു.

9. ക്ഷീര കർഷകർക്ക് വേണ്ടി ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നു.

10. കയർ, ഖാദി, കശുവണ്ടി, കൈത്തറി മുതലായ പരമ്പരാഗത തൊഴിൽ മേഖലകളിൽ തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നു.

ബി) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മെച്ചപ്പെട്ട ഉൽപ്പന്നങ്ങൾ നിർമ്മിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനും സഹകരണമേഖലയിൽ പദ്ധതികളാവിഷ്കരിക്കുമോ;

(ബി) പരമ്പരാഗത മേഖലകളായ കയർ, ഖാദി, കശുവണ്ടി, കൈത്തറി മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ടി മേഖലയിലുള്ള സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. മാർക്കറ്റിംഗ്, പ്രോസസിംഗ് രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ മെച്ചപ്പെട്ട ഉൽപന്നങ്ങൾ നിർമ്മിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സഹകരണ ബാങ്കുകൾ മുഖേന വായ്പ നൽകുന്ന സ്വയം സഹായ സംഘങ്ങൾ ഉൽപന്നങ്ങൾ നിർമ്മിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

സി) കാർഷിക, ചെറുകിട വ്യവസായ മേഖലകളെ പുഷ്ടിപ്പെടുത്തുവാൻ നൂതനപദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കുമോ?

(സി) കാർഷിക മേഖലയെ പുഷ്ടിപെടുത്തുന്നതിനായി നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകി വരുന്നു. എല്ലാ ഹ്രസ്വകാല വിള വായ്പകളും കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കുന്നവർക്ക് പലിശ രഹിത വായ്പ നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുന്നതിനായി "കർഷക സേവന കേന്ദ്രം" എന്ന പുതിയ സംരംഭം കൃഷി വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കർഷകർക്ക് ആവശ്യമായ എല്ലാതരം വായ്പകളും സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന നൽകി വരുന്നു.

സെക്ഷൻ ഓഫീസർ